**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 120** — **30-08-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളുടെ പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള റോഡുകളുടെ പരിപാലനം കാര്യക്ഷമമാക്കാൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കേരളത്തിലെ റോഡുകൾ പോട്ട്ഹോൾ പ്ര ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ വിവി പദ്ധതികൾ ഈ സർക്കാർ തുടക്കമിട്ടിട്ടുള ഘട്ടംഘട്ടമായി റോഡുകളുടെ നിലവാര ഉയർത്തുകയും പരിപാലനം ഉറപ്പാക്കുകയു ചെയ്യുകയാണ് ഈ പദ്ധതികളിലൂ ലക്ഷ്യമിടുന്നത്.<br><br><u>റണ്ണിംഗ് കോൺട്രാക്ട്</u><br><br>റോഡുകളുടെ പരിപാലനം ഉറപ്പാക്കാ സർക്കാർ ആവിഷ്കരിച്ച നൂതനപദ്ധതിയാ റണ്ണിംഗ് കോൺട്രാക്ട്. പരിപാല കാലാവധിയിൽ അല്ലാത്ത റോഡുകളു പരിപാലനം ഉറപ്പാക്കാൻ നിശ്ചി കാലയളവിലേക്ക് കരാറുകാ ഉറപ്പുവരുത്തുന്നതാണ് ഈ പദ്ധത റോഡുകളിൽ കുഴികളും മറ്റും ഉണ്ടാകുമ്പോ വേഗത്തിൽ പരിഹരിക്കുന്നതിന് റണ്ണിം കോൺട്രാക്ട് സഹായിക്കുന്നു. റണ്ണിം കോൺട്രാക്ടിൽ 12,332 കിലോമീറ്റർ റോഡിന പരിപാലനം ഉറപ്പാക്കിയിട്ടുണ്ട്.<br><br>റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത 921 കി.മീ. റോഡുകളിൽ കുഴി അടക്കുന്നതി മഴക്കാല റോഡ് പരിപാലന പദ്ധതിയു നടപ്പാക്കുന്നുണ്ട്.<br><br><u>ഒ.പി.ബി.ആർ.സി.</u><br><br>കോർ റോഡ് നെറ്റ് വർക്കിൽ ഉൾപ്പെട്ട പ്രധാ റോഡുകളിൽ 7 വർഷം പരിപാലന |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നതിനാണ് OPBRC പദ്ധ നടപ്പാക്കുന്നത്. നിലവിൽ 283.81കി.മ റോഡുകളിലാണ് OPBRC പദ്ധ നടപ്പാക്കുന്നത്.<br><br><u>കിഫ്ബി പദ്ധതിയിലെ റോഡുകൾ</u><br><br>കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി KRFB PMU - വിന്റെ കീഴിൽ പദ്ധതി നിർദ്ദേശിക്കപ്പെ റോഡുകളിൽ അറ്റകുറ്റപ്പണികൾക്കായി 5 കോടി രൂപ ചെലവഴിക്കുന്നുണ്ട്. കിഫ്ബിയുമാ മന്ത്രിതലത്തിൽ നടത്തിയ ചർച്ചയെ തുടർന്ന കിഫ്ബി അറ്റകുറ്റപ്പണികൾക്ക് തു അനുവദിക്കുകയായിരുന്നു. വിവിധ കുടിവെള പദ്ധതികൾക്കായി കൈമാറിയ റോഡുകളിൽ ആവശ്യമായ അറ്റകുറ്റപ്പണി നടത്താൻ വാട്ട അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട പരിപാലനകാലാവധിയുള്ള റോഡുകളിൽ DL വിവരങ്ങൾ പരസ്യപ്പെടുത്തി ബോർഡുക സ്ഥാപിച്ചിട്ടുണ്ട്. ഇത് പരിപാലനം ഉറപ്പാക്കാ സഹായകരമായി മാറി. |
| (ബി) | റോഡ് മെയിന്റനൻസ് മാനേജ്മെന്റിന്റെ ഭാഗമായും മഴക്കാല പൂർവ്വ അറ്റകുറ്റപ്പണികളായും എത്ര കിലോമീറ്റർ റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിൽ 12,332 കിലോമീറ്റർ റോഡും ഒ.പി.ബി.ആർ.സി. പദ്ധതിയിൽ 283.81 കിലോമീറ്റർ റോഡും മഴക്കാല പരിപാലന പദ്ധതിയിൽ 9210 കിലോമീറ്റർ റോഡും പരിപാലിക്കുന്നുണ്ട്. |
| (സി) | അറ്റകുറ്റപ്പണിക്ക് പ്രത്യേക കർമസംഘത്തിന് രൂപം നൽകിയിട്ടുണ്ടോ; | (സി) | സംസ്ഥാനത്ത് റോഡുകളുടെ പരിപാലനം സംബന്ധിച്ച പ്രവൃത്തികൾ കൃത്യമായി നിരീക്ഷിച്ചു വരുന്നു. രണ്ടാഴ്ചയിലൊരിക്കൽ ചേരുന്ന PWD മിഷൻടീം യോഗം പ്രത്യേകമായി പുരോഗതി പരിശോധിക്കുന്നുണ്ട്. ജില്ലാതല DICC യോഗവും റോഡുകളുടെ പരിപാലനം നിരീക്ഷിക്കുന്നു. നിയമസഭാമണ്ഡല അടിസ്ഥാനത്തിൽ രൂപീകരിച്ച Constituency Monitoring Team -നും നിരീക്ഷണ ചുമതല നൽകിയിട്ടുണ്ട്.<br><br>മഴക്കാലത്ത് റോഡുകളിൽ ഉണ്ടാകുന്ന കുഴികളും മറ്റും അടച്ചു എന്ന് ഉറപ്പുവരുത്തുന്നതിന് പ്രത്യേക ടാസ്ക് ഫോഴ്സും പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ ഉടനടി പരിഹരിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; അറ്റകുറ്റപ്പണികളുടെ പുരോഗതി വിലയിരുത്താൻ നിയോജക മണ്ഡലാടിസ്ഥാനത്തിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിനായി 2009 നവംബർ 23 മുതൽ പൊതുജനങ്ങൾക്ക് പരാതികൾ നേരിട്ട് സമർപ്പിക്കുന്നതിനായി 1800 425 7771 എന്ന ടോൾ ഫ്രീ നമ്പർ നിലവിൽ കൊണ്ട് വന്നു. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.30 മുതൽ 7.30 വരെ |

ജനങ്ങൾക്ക് പരാതികൾ സമർപ്പിക്കാവുന്നതാണ്. പൊതുമരാമത്ത് വകുപ്പ് മന്ത്രി നേരിട്ട് പരാതികൾ സ്വീകരിക്കുന്ന "റിംഗ് റോഡ്" പരിപാടി ഈ ടോൾ ഫ്രീ സംവിധാനത്തിലൂടെയാണ് നടത്തി വരുന്നത്. പൊതുജനങ്ങൾക്ക് നേരിട്ട് മന്ത്രിയോട് പരാതികൾ പറയുന്നതിന് ഇതിലൂടെ അവസരം ലഭിക്കുന്നു. കൂടാതെ IT Cell മുഖാന്തിരം "തൊട്ടറിയാം PWD" എന്ന പ്രോജക്റ്റ് മാനേജ്മെന്റ് സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടുണ്ട്. PWD 4U എന്ന ആപ്ലിക്കേഷൻ ജനങ്ങൾക്ക് പരാതികൾ സമർപ്പിക്കുന്നതിനായി 2021 ജൂൺ മാസം 7-ാം തീയതി മുതൽ നിലവിൽ വന്നു. PWD 4U App എന്ന ഈ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് പൊതുജനങ്ങൾക്ക് പരാതികൾ ഫോട്ടോ സഹിതം വകുപ്പിന് അയയ്ക്കുന്നതിന് സാധിക്കുന്നു. പരാതിക്ക് പരിഹാരം കണ്ടശേഷം പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ പരാതിക്കാരനെ അറിയിക്കുകയും ചെയ്യുന്നു. സമൂഹമാധ്യമങ്ങളിൽ ലഭിക്കുന്ന പരാതികൾ (മെയിൽ, വാട്സാപ്പ് സന്ദേശം, ഫെയിസ് ബുക്ക് കമന്റ്) സ്വീകരിക്കുന്നതിനും സോഷ്യൽ മീഡിയ സെൽ പൊതുമരാമത്ത് വകുപ്പിന്റെ കൺട്രോൾ റൂമിൽ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനങ്ങളും സമയബന്ധിതമായി പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ നിയോജകമണ്ഡലങ്ങളിലും SE/EE നോഡൽ ഓഫീസർമാരായി Constituency Monitoring Team രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി നിയോജക മണ്ഡലത്തിന്റെ കീഴിൽ വരുന്ന എല്ലാ പൊതുമരാമത്ത് പ്രവൃത്തികളും വിശകലനം ചെയ്ത് പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ബന്ധപ്പെട്ട MLA/Minister -ന്റെ നേതൃത്വത്തിൽ നിശ്ചിത കാലയളവിൽ നിയോജക മണ്ഡലത്തിന്റെ കീഴിൽ വരുന്ന എല്ലാ പൊതുമരാമത്ത് പ്രവൃത്തികളുടേയും പുരോഗതി വിശകലനം ചെയ്ത് വേണ്ട തുടർനടപടികൾ നിർദ്ദേശിക്കാറുണ്ട്.

ജില്ലാടിസ്ഥാനത്തിൽ ജില്ലാ നോഡൽ ഓഫീസർ ജില്ലയിലെ എല്ലാ നിയോജകമണ്ഡലത്തിന്റെ കീഴിലും വരുന്ന പൊതുമരാമത്ത് പ്രവൃത്തികൾ വിശകലനം ചെയ്യാറുണ്ട്. ജില്ലയിലെ DICC യോഗങ്ങളിലും പ്രസ്തുത Nodal Officer -മാർ മണ്ഡലങ്ങളിലെ പ്രവൃത്തികളെ വിശകലനം ചെയ്യാറുണ്ട്. ഇതുകൂടാതെ ചീഫ് നോഡൽ ഓഫീസർ, എല്ലാ ജില്ലാ നോഡൽ ഓഫീസർമാരും LAC നോഡൽ ഓഫീസർമാരുമായി പ്രവൃത്തികൾ വിശകലനം ചെയ്യാറുണ്ട്. പ്രസ്തുത യോഗങ്ങൾ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ മേൽ നോട്ടത്തിൽ നടത്താറുണ്ട്.

| | | | |
|---|---|---|---|
| | | | |

സെക്ഷൻ ഓഫീസർ